(ബി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും സ്പോർട്സിന്റെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ദേശീയ ഗെയിംസിന്റെ കണക്കുകൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കായിക കേരളത്തിന്റെ അഭിമാനമായി മാറിയ 35-ാം ദേശീയ ഗെയിംസിൽ മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോന്മേഷം പകർന്നിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാകുകയും കായിക ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്തതിലൂടെ ഭാവിയിൽ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും അവസരമൊരുങ്ങി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും കായിക ഉപകരണങ്ങളും 35-ാമത് ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്വിമ്മിംഗ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് സമീപ ഭാവിയിൽ ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായിക താരങ്ങൾക്കും പൊതുജനങ്ങൾക്കും പുതിയ ഉണർവ് കൈവരുന്നതാണ്.

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട കണക്കുകൾ www.kerala2015.com എന്ന വെബ്സൈറ്റിൽ തുടക്കം മുതൽ പ്രതിമാസം അപ്ലോഡ് ചെയ്യാറുണ്ട്. 31-1-2015 വരെയുള്ള ഇനം തിരിച്ചുള്ള വരവു-ചെലവു കണക്കുകൾ വെബ്സൈറ്റിൽ ലഭ്യമാണ്. കണക്കുകൾ ഇന്റേണൽ ഓഡിറ്റിംഗിനും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനും വിധേയമാക്കുന്നു. കൂടാതെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സമഗ്രമായ ഓഡിറ്റ് 2015 ഫെബ്രുവരി 25 മുതൽ ആരംഭിച്ചിട്ടുണ്ട്.

ദേശീയ ഗെയിംസ് സംബന്ധിച്ച സാമ്പത്തിക ക്രമക്കേടുകൾ

273 (279) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ ഗെയിംസ് സംബന്ധിച്ച് സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടായതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ആലോചിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ ഗെയിംസ്

274 (280) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതിന് ആകെ എന്ത് തുക ചെലവായി ;

(ബി) കേന്ദ്ര ഗവൺമെന്റ് ഇതിന് വേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(സി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റുകളിലായി എത്ര തുകയാണ് ഇതിനു വേണ്ടി വകയിരുത്തിയിട്ടുള്ളത്;

(ഡി) ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) ദേശീയ ഗെയിംസിന്റെ മുന്നോടിയായി കൂട്ടയോട്ടം സംഘടിപ്പിക്കാനുള്ള തീരുമാനം എപ്പോഴാണ് കൈക്കൊണ്ടത്; ആരാണ് കൈക്കൊണ്ടത്;

(എഫ്) കൂട്ടയോട്ടം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് എന്ത് തുക ചെലവഴിക്കേണ്ടിവന്നു ;

(ജി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ എന്ത് തുക ചെലവഴിക്കേണ്ടിവന്നു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly